# Prime Minister delivers inaugural address at VAIBHAV 2020 Summit

October 02, 2020

## VAIBHAV 2020 ഉച്ചകോടിയുടെ ഉദ്ഘാടനത്തിൽ പ്രധാനമന്ത്രി പ്രഭാഷണം നടത്തുന്നു.

**ഒക്ടോബർ** 02, 2020

**3000 ത്തിൽ അധികം ഇന്ത്യൻ വംശജരായ വൈജ്ഞാനികരും & ശാസ്ത്രജ്ഞരും കൂടാതെ 10,000 ഇന്ത്യൻ ശാസ്ത്രജ്ഞരും ഉച്ചകോടിയിൽ പങ്കെടുത്തു.**

**കൂടുതൽ ചെറുപ്പക്കാർ ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം വളർത്തേണ്ടതാണ്: പ്രധാനമന്ത്രി**

**ബഹിരാകാശ പ്രവർത്തനങ്ങളിൽ ഉള്ള നവീകരണങ്ങൾ വ്യവസായം പഠനം എന്നിവയിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു : പ്രധാനമന്ത്രി**

**2025 ഓടുകൂടി ഇന്ത്യയിൽ നിന്നും ട്യൂബർകുലോസിസ് തുടച്ചു നീക്കപ്പെടും : പ്രധാനമന്ത്രി**

"ഇന്നത്തെ ആവശ്യം കൂടുതൽ ചെറുപ്പക്കാർ ശാസ്ത്രത്തിലുള്ള താല്പര്യം വളർത്തുക എന്നതാണ്. ഇതിനായി ശാസ്ത്രത്തിന്റെ ചരിത്രവും ചരിത്രത്തിന്റെ ശാസ്ത്രവും വളരെ നന്നായി അറിഞ്ഞിരിക്കേണ്ടതാണ്." ഇന്ന് സ്വദേശീയരും  വിദേശീയരുമായ ഇന്ത്യൻ ഗവേഷകരെയും വൈജ്ഞാനികരെയും ഉൾപ്പെടുത്തി ആഗോള തലത്തിൽ നടത്തിയ വൈശ്വിക് ഭാരതീയ വൈജ്ഞാനിക് (VAIBHAV)എന്ന ഉച്ചകോടി ഉദ്ഘാടനം ചെയ്തു സംസാരിക്കവെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി പറഞ്ഞു.

"ഇന്ത്യയിലെയും ലോകത്തിലേയും ശാസ്ത്രവും കണ്ടുപിടുത്തങ്ങളുമാണ് VAIBHAV ഉച്ചകോടി 2020 ആഘോഷിക്കുന്നത്. ഞാനിതിനെ മഹത്തായ ചിന്തകരുടെ ഒരു സംഗമം അല്ലെങ്കിൽ കൂടിച്ചേരൽ ഇന്ന് വിളിക്കാനാണ് ആഗ്രഹിക്കുന്നത്.ഈ കൂടിചേരലിലൂടെ ഇന്ത്യയെയും നമ്മുടെ ലോകത്തെ തന്നെയും ശാക്തീകരിക്കുന്നതിനുള്ള ഒരു സ്ഥിരമായ സഹകരണത്തിന് നമ്മൾ തുടക്കം കുറിക്കുകയാണ്. അദ്ദേഹം പറഞ്ഞു

ശാസ്ത്രം എല്ലാത്തരത്തിലുമുള്ള സാമൂഹിക സാമ്പത്തിക മാറ്റങ്ങളുടെയും കാതലാണ് എന്നിരിക്കെ ശാസ്ത്രീയ ഗവേഷണങ്ങളെയും കണ്ടുപിടുത്തങ്ങളെയും പോഷിപ്പിക്കുന്നതിനായി ഇന്ത്യൻ ഭരണകൂടം വളരെയധികം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീ നരേന്ദ്ര മോഡി പറഞ്ഞു.

വാക്സിനുകൾ വികസിപ്പിക്കുന്നതിനും വാക്സിനേഷൻ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള ഇന്ത്യയുടെ ആശതമായ പരിശ്രമങ്ങളെ പ്രധാനമന്ത്രി സൂചിപ്പിച്ചു

.
വാക്സിൻ നിർമാണത്തിലെ ഒരു വലിയ ഇടവേള അവസാനിച്ചിരിക്കുകയാണ്. 2014 ൽ നമ്മുടെ രോഗപ്രതിരോധ പ്രവർത്തനങ്ങളിലേക്ക് പുതുതായി നാല് വാക്സിനുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്രത്യേകമായി നിർമിച്ച റോട്ട വാക്സിനും ഉൾപെടുന്നു്

ആഗോള ലക്ഷ്യത്തിനു അഞ്ചു വർഷങ്ങൾക്കു മുൻപ് തന്നെ അതായത് 2025 ൽ തന്നെ ട്യൂബർകുലോസിസിനെ ഇന്ത്യയിൽ നിന്നും തുടച്ചു നീക്കുകയെന്ന സ്വപനതുല്യമായ ലക്ഷ്യത്തെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

ദേശീയ തലത്തിൽ മൂന്ന് ദശാബ്ദങ്ങളായി നീണ്ടു നിന്ന കൂടിയാലോചനകളുടെയും നിരൂപണങ്ങളുടെയും ഫലമായി കൊണ്ട് വന്ന ദേശീയ വിദ്യാഭ്യാസ നയം 2020 നെക്കുറിച്ചും അദ്ദേഹം പറഞ്ഞു. ഈ നയം ലക്ഷ്യം വയ്ക്കുന്നത് ശാസ്ത്രീയ അഭിരുചി വളർത്തുന്നതിനും ശാസ്ത്രീയ ഗവേഷണങ്ങൾക്ക് ആവശ്യമായ പ്രാധാന്യം നല്കുന്നതിനുമാണ് എന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു.ഇത് യുവ ജനതയിലെ അറിവുകൾ പോഷിപ്പിക്കുന്നതിനും സുതാര്യവും വിശാലവുമായ ഒരു ഗവേഷണപരിസ്ഥിതി പ്രദാനം ചെയ്യുന്നു

ബഹിരാകാശ നവീകരണങ്ങളിൽ മുന്നിട്ടു നിൽക്കുന്നത് ഇന്ത്യയിൽ വ്യവസായം പഠനം എന്നിവയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ലേസർ ഇന്റർഫെറോമീറ്റർ ഗ്രാവിറ്റേഷനൽ വെയ്വ് ഒബ്സർവേറ്ററി, CERN , കൂടാതെ ഇന്റർനാഷണൽ തെർമോന്യൂക്ളിയാർ റിയാക്ടർ (ITER) എന്നിവയിലുള്ള ഇന്ത്യൻ പങ്കാളിത്തം പരാമർശിച്ചുകൊണ്ട് ആഗോളതലത്തിൽ തന്നെ ശാസ്ത്രീയ ഗവേഷണങ്ങൾക്കും വികസന പരിശ്രമങ്ങൾക്കുമുള്ള പങ്ക് അദ്ദേഹം ചൂണ്ടികാണിച്ചു.

സൂപ്പർ കമ്പ്യൂട്ടിങ്, സൈബർ ഫിസിക്കൽ സംവിധാനങ്ങൾ എന്നിവയിൽ ഇന്ത്യയുടെ പ്രധാന ദൗത്യങ്ങളെക്കുറിച്ചും അദ്ദേഹം പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് , റോബോട്ടിക്സ്, സെൻസറുകൾ കൂടാതെ സങ്കീർണമായ ഡാറ്റ അനാലിസിസ് എന്നിവയിലെ അടിസ്ഥാനപരമായ ഗവേഷണങ്ങളും പ്രയോഗിഗതകളും ഇന്ത്യയിലെ സ്റ്റാർട്ട് അപ്പ് മേഖലകൾ , നിർമാണ മേഖലകൾ എന്നിവയെ പ്രചോദിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയിൽ മുൻപ് തന്നെ പ്രവർത്തനമാരംഭിച്ച 25 ടെക്നൊളജിക്കൽ ഹബുകളെക്കുറിച്ചും അവ എങ്ങനെ സ്റ്റാർട്ട് അപ് പരിസ്ഥിതിയെ സഹായിക്കുന്നു എന്നതിനെക്കുറിച്ചും അദ്ദേഹം പറഞ്ഞു.

കർഷകരെ സഹായിക്കുന്നതിനായി ഉയർന്ന ഗുണമേന്മയുള്ള ഗവേഷണങ്ങളാണ് ഇന്ത്യയ്ക്ക് ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. ഭക്ഷ്യ ധാന്യങ്ങൾ, പരിപ്പുകൾ എന്നിവയുടെ ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവിന് അദ്ദേഹം ഇന്ത്യൻ ശാസ്ത്രജ്ഞരെ അഭിനന്ദിക്കുകയും ചെയ്തു.

ഇന്ത്യ പുരോഗമിക്കുന്നതിനൊപ്പം ലോകവും പുരോഗമിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

പരസ്പരമുള്ള ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും സംഭാവനകൾ നല്കുന്നതിനുമുള്ള മികച്ച അവസരമാണ് VAIBHAV കാഴ്ച വയ്ക്കുന്നതിന് പ്രധാനമന്ത്രി പറഞ്ഞു; ഇന്ത്യ സമൃദ്ധിയിലേക്കുയരുമ്പോൾ ലോകം തന്നെ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തുടങ്ങും. മഹത്തായ ചിന്തകരുടെ ഒരു സംഗമമാണ് VAIBHAV, ഇത്തരം പ്രവർത്തനങ്ങൾ ആധുനികതയും പാരമ്പര്യവും സംയോജിപ്പിച്ചു കൊണ്ടുള്ള മാതൃകാപരമായ ഗവേഷണ പരിസ്ഥിതികൾ സൃഷ്ടിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഈ ചർച്ചകൾ തീർച്ചയായും ഉപകാരപ്രദമായിരിക്കുമെന്നും അദ്ധ്യാപനം, ഗവേഷണം എന്നിവയിലെ ഉപകാരപ്രദമായ സഹകരണങ്ങൾക്ക് വഴിയൊരുക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത്തരം പരിശ്രമങ്ങൾ ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും ഒരു മാതൃകാപരമായ ഗവേഷണ പരിസ്ഥിതി നിർമിക്കുന്നതിനും സഹായകമായേക്കാം.

ലോകത്തിലെ പല ഭാഗങ്ങളിൽ താമസിക്കുന്ന ഇന്ത്യൻ വംശജരാണ് ഇന്ത്യയുടെ മികച്ച അംബാസിഡർമാരെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. കൂടാതെ ഇനി വരുന്ന തലമുറയ്ക്ക് വേണ്ടി സുരക്ഷിതവും സമൃദ്ധവുമായ ഒരു ഭാവി കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യം പൂർത്തീകരിക്കാൻ ഉച്ചകോടിയിലൂടെ ശ്രമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. കർഷകരെ സഹായിക്കുന്നതിനായി ഇന്ത്യയ്ക്ക് ലോകോത്തര നിലവാരമുള്ള ഗവേഷണങ്ങൾ ആവശ്യമാണ്. ഇതിനായുള്ള ഇന്ത്യൻ വംശജരുടെ ശ്രമങ്ങളും മാതൃകാപരമായ ഗവേഷണങ്ങൾക്ക് കാരണമാകുന്നു.

VAIBHAV ഉച്ചകോടിയിൽ, 55 രാജ്യങ്ങളിൽ നിന്നായി  ഇന്ത്യൻ വംശജരായ 3000 ത്തിൽ അധികം വൈജ്ഞാനികരും ശാസ്ത്രജ്ഞരും കൂടാതെ ഇന്ത്യയിൽ നിന്നുള്ള 10,000 ആളുകളും പങ്കെടുത്തു. ഇന്ത്യൻ ഭരണകൂടത്തിന് കീഴിലുള്ള പ്രധാന ശാസ്ത്രീയ ഉപദേഷ്ടാവിന്റെ നേതൃത്വത്തിലുള്ള 200 ഇന്ത്യൻ വിദ്യാഭ്യാസസ്ഥാപങ്ങൾ, S& T വകുപ്പുകൾ എന്നിവയാണ് ഉച്ചകോടി സംഘടിപ്പിച്ചത്.ഏകദേശം 40 രാജ്യങ്ങളിൽ നിന്നായി 700 വിദേശീയരായ പാനലിസ്റ്റുകളും ഇന്ത്യൻ വൈജ്ഞാനിക മേഖല , S & T വകുപ്പുകൾ എന്നിവയിൽ നിന്നുള്ള 629 പാനലിസ്റ്റുകളും ചേർന്ന് 18 വ്യത്യസ്ത വീക്ഷണങ്ങളിൽ ഉള്ള 80 ഉപവിഷയങ്ങളിലായി 213 സെഷനുകൾ അവതരിപ്പിക്കുകയുണ്ടായി.

കൂടിയാലോചനകൾ 2020 ഒക്ടോബർ 3 മുതൽ ഒക്ടോബർ 25 വരെ തുടരുകയും ഒക്ടോബർ 28 ന് ഫലങ്ങൾ സംഗ്രഹിക്കപ്പെടുന്നതുമാണ്. 2020 ഒക്ടോബർ 31 ന് ശ്രീ വല്ലഭായ് പട്ടേൽ ജയന്തിയുടെ അവസരത്തിൽ ഉച്ചകോടി സമാപിക്കുന്നതാണ്. ഈ സംരംഭത്തിൽ വിവിധ തലങ്ങളിലുള്ള വിദേശീയരായ വിഗ്ദരും തതുല്യരായ ഇന്ത്യൻ വൈഞ്ജാനികരും തമ്മിലുള്ള ഒരു മാസത്തോളം നീളുന്ന വെബ്ബിനാറുകളുടെയും വീഡിയോ കോൺഫറൻസുകളുടെയും ശ്രേണികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

കംപ്യൂട്ടേഷണൽ സയൻസുകൾ, ഇലക്ട്രോണിക്സ് & കമ്യൂണിക്കേഷൻ, ക്വാണ്ടം ടെക്നൊളജികൾ, ഫോട്ടോണിക്സ്, എയ്റോസ്പേയ്സ് ടെക്നൊളജികൾ, മെഡിക്കൽ സേവനങ്ങൾ, ബയോടെക്നോളജി, കാർഷികം, മെറ്റീരിയൽ & പ്രോസസിംഗ് ടെക്നോളജി, ആധുനിക നിർമാണം, ഭൗമശാസ്ത്രം, ഊർജം , പരിസ്ഥിതി ശാസ്ത്രം കൂടാതെ മാനേജ് മെന്റ് എന്നിവയാണ് പ്രധാനമായും ഉൾകൊള്ളുന്ന S & T മേഖലകൾ
ആഗോളത്തിലുള്ള ഇന്ത്യൻ വംശജരായ ഗവേഷകരിൽ നിന്നുള്ള അറിവും വൈദഗ്ധ്യവും ഉപയോഗിച്ച് സാർവത്രിക വികസനത്തിന് നേരെ ഉയരുന്ന വെല്ലുവിളികൾക്ക് തടയുന്നതിനായി സമഗ്രമായ പദ്ധതികൾ തയാക്കുന്നതിന്നാന് ഉച്ചകോടി ലക്ഷ്യം വയ്ക്കുന്നത്. ഇന്ത്യയിലും വിദേശത്തുമുള്ള വൈഞ്ജാനികർക്കും ശാസ്ത്രജ്ഞന്മാർക്കും ഇടയിലയിലുള്ള സഹകരണവും കൂട്ടായപ്രവർത്തനവും ഉച്ചകോടിയിൽ പ്രതിഫലിക്കപ്പെടുന്നതാണ്. ആഗോളതലത്തിൽ തന്നെ ലഭ്യതയുള്ള അറിവിന്റെയും കണ്ടുപിടിത്തങ്ങളും പുതിയ പാരിസ്ഥിതിക അവസ്ഥകൾ സൃഷ്ടിക്കുന്ന എന്നതാണിതിന്റെ ലക്ഷ്യം.

പ്രധാന ശാസ്ത്രായ ഉപദേഷ്ടാവ് പ്രൊഫ.കെ വിജയരാഘവൻ അമേരിക്ക, ജപ്പാൻ , ഓസ്ട്രേലിയ, UK , ഫ്രാൻസ് , സിംഗപ്പൂർ, കൊറിയൻ റിപ്പബ്ലിക്, ബ്രസീൽ കൂടാതെ സ്വിറ്റ്സർലാൻഡ് എന്നീ രാജ്യങ്ങളിൽ നിന്നും കമ്പ്യൂട്ടിങ് &കമ്മ്യൂണിക്കേഷൻ , സോനോ കെമിസ്ട്രി, ഹൈ എനർജി ഫിസിക്സ്, മാനുഫാക്ച്ചറിങ് ടെക്നോളോജിസ്, മാനേജ്മെന്റ്, ജിയോ സയൻസ് , കാലാവസ്ഥ വ്യത്യങ്ങൾ, മൈക്രോബയോളജി, IT സുരക്ഷാ , നാനോ മെറ്റീരിയൽസ്, സ്മാർട്ട് വില്ലേജസ് കൂടാതെ ഗണിതശാസ്ത്രം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ പ്രവർത്തിക്കുന്ന 16 പാനലിസ്റ്റുകളും ഉദ്ഘാടന ചടങ്ങിൽ പ്രധാനമന്ത്രിയുമായി സംവദിച്ചു.

**ന്യൂ ഡൽഹി**
**02 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.